(ബി) തീവ്രവാദത്തിന്റെ പേരിൽ ഒരു സമുദായത്തെ മാത്രം വേട്ടയാടുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) തീവ്രവാദത്തിന്റെ പേരിൽ ഏതെങ്കിലുമൊരു സമുദായത്തെ മാത്രം വേട്ടയാടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കള്ളനോട്ടു കേസിലെ പ്രതികളെ രാജ്യദ്രോഹ കുറ്റം ചുമത്തി ജയിലിലടയ്ക്കാൻ നടപടി

8 (5914) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളനോട്ട് കേസിലെ പ്രതികൾ രാജ്യദ്രോഹക്കുറ്റമാണ് ചെയ്യുന്നത് എന്നതു പരിഗണിച്ച് ഇത്തരക്കാരെ രാജ്യദ്രോഹക്കുറ്റം ചുമത്തി ജയിലിലടയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) തീവ്രവാദ പ്രവർത്തനങ്ങൾക്ക് കള്ളനോട്ടിന്റെ പങ്ക് ഏറ്റവും വലുതാണെന്ന സാഹചര്യം പരിഗണിച്ച് കേന്ദ്ര സർക്കാരുമായി ചേർന്ന് എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര കള്ളനോട്ടു കേസ്സുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ; എത്ര പേരെ പിടികൂടി ; എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) സംസ്ഥാനത്ത് നടന്ന ചില റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ കള്ളനോട്ട് ഉപയോഗിച്ചിട്ടുണ്ട് എന്ന വാർത്ത പുറത്തുവന്ന സ്ഥിതിക്ക് പ്രസ്തുത ബിസിനസ്സിൽ ഏർപ്പെട്ടവരുടെ പണത്തിന്റെ ഉറവിടം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കള്ളനോട്ട് കേസിലെ പ്രതികൾക്കെതിരെ രാജ്യദ്രോഹക്കുറ്റം തെളിയുന്നപക്ഷം നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിയമാനുസൃതം സാധ്യമായ കരുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 234 കള്ളനോട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 410 പ്രതികളെ പിടികൂടി. ഒരു പ്രതിയെ ശിക്ഷിച്ചിട്ടുണ്ട്.

(ഡി) റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ കള്ളനോട്ട് ഉപയോഗിച്ചിട്ടുള്ളതായി ഔദ്യോഗിക റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly